©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

# (2021-2023)

## പത്താമത് റിപ്പോർട്ട്

## [വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

(2023 സെപ്റ്റംബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## പത്താമത് റിപ്പോർട്ട്

**[വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

1077/2023.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)
## ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)യുടെ അദ്ധ്യക്ഷയായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വനിത-ശിശു വികസന വകുപ്പിനെ സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്ന് വിവരശേഖരണം നടത്തുകയും ആയത് അപഗ്രഥിക്കുകയും അധികവിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. വനിത-ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പിന്റെയും അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 സെപ്റ്റംബർ മാസം 11-ാം തീയതി ചേർന്ന യോഗത്തിലാണ് ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചത്.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 13.

# റിപ്പോർട്ട്

നൂറ്റാണ്ടുകളായി സമൂഹത്തിൽ നിലനിന്നുപോരുന്ന പുരുഷാധിപത്യത്തിന്റെ പരിണിതഫലമാണ് സ്ത്രീകൾക്കുണ്ടായ സാമ്പത്തികാശ്രിതത്വം. രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിലും തൊഴിലിടങ്ങളിലും നിയമവ്യവസ്ഥയിലും സമത്വത്തിനു വേണ്ടി നടത്തിയ പോരാട്ടങ്ങളിലൂടെയാണ് സ്ത്രീകൾക്ക് ഇന്നനുഭവിക്കുന്ന സ്വാതന്ത്ര്യത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിച്ചിട്ടുള്ളത്. നിലവിലുള്ള സാമൂഹ്യ സാമ്പത്തികഘടന പൂർണ്ണമായും മാറി പുതിയൊരു സാമൂഹ്യഘടന നിലവിൽ വന്നാൽ മാത്രമേ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാവുകയുള്ളൂ.

2. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങളാണ് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമത്തിന് പ്രധാനകാരണമായി സാമൂഹ്യ ശാസ്ത്രജ്ഞൻമാർ ചൂണ്ടികാണിക്കുന്നത്. അത്യാധുനിക ശാസ്ത്ര സാങ്കേതികവിദ്യ വളർച്ചയുടെ ഉന്നതിയിൽ നിൽക്കുന്ന ഈ കാലത്തും സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കൂടിവരുന്നുവെന്നത് ആശങ്കാജനകമാണ്.

3. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നടക്കുന്നു എന്നത് അപമാനകരമാണ്. മനുഷ്യപുരോഗതിയ്ക്കായി ഉപയോഗപ്പെടുത്തുന്ന നൂതന സാങ്കേതികവിദ്യ തന്നെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

4. സ്ത്രീകളുടെയും കുട്ടികളുടെയും സഹായത്തിനായുള്ള നിയമങ്ങളെയും അവകാശങ്ങളെയുംക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമ്പത്തികമായി അവരെ സഹായിക്കുന്നതിനും രൂപീകൃതമായ വകുപ്പാണ് വനിത-ശിശുവികസന വകുപ്പ്.

5. സാമൂഹ്യനീതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം (ധനാഭ്യർത്ഥന XLVI-മുഖ്യശീർഷകം 2235, 4235, 6235 എന്നിവ) സംബന്ധിച്ച് പഠനം നടത്തുവാൻ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2014) തീരുമാനിച്ചതിനെത്തുടർന്ന് വകുപ്പിൽ നിന്നും പ്രാഥമിക വിവര റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കുകയും ആയത് സമിതി പരിഗണിക്കുകയും ചെയ്തു. എന്നാൽ സാമൂഹ്യനീതി വകുപ്പിന് കീഴിലായിരുന്ന വനിതാ ശിശു വികസനം 30-6-2017-ലെ ജി.ഒ. (എം.എസ്.)-24/17/എസ്.ജെ.ഡി. നമ്പർ ഉത്തരവ് പ്രകാരം പുതിയ വകുപ്പായി രൂപീകൃതമാവുകയുണ്ടായി.

6. 2017-ൽ സാമൂഹ്യനീതി വകുപ്പ്, വനിത-ശിശുവികസനം, സാമൂഹ്യനീതി എന്നീ രണ്ടു വകുപ്പുകളായി വിഭജിച്ച സാഹചര്യത്തിൽ സാമൂഹ്യനീതി, വനിത-ശിശുവികസനം

എന്നിവ രണ്ട് വ്യത്യസ്ത വിഷയങ്ങളായി പരിഗണിച്ച് രണ്ട് വകുപ്പുകളുടെയും ബഡ്ജറ്റ് വിഹിത വിനിയോഗം പ്രത്യേകമായി എടുത്ത് പഠനം നടത്തുവാൻ കമ്മിറ്റി (2021-2023) തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ ഭാഗമായി വനിതാശിശു വികസനവകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതവിനിയോഗം സംബന്ധിച്ച് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും വകുപ്പുദ്യോഗസ്ഥരിൽ നിന്ന് 3-7-2023-ൽ തെളിവെടുപ്പ് നടത്തുകയും ചെയ്തു. വനിതാ ശിശുവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി നടത്തിയ തെളിവെടുപ്പിന്റെയും പഠനങ്ങളുടെയും മറ്റ് അനുബന്ധ രേഖകളുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

7. വകുപ്പ് വിഭജനം നടന്നുവെങ്കിലും താഴെത്തട്ടിലുള്ള സംവിധാനങ്ങൾ നാളിതുവരെയായും പൂർണ്ണമായതോതിൽ നിലവിൽ വന്നിട്ടില്ല. 2017 മുതലാണ് ആയതിനുള്ള പരിശ്രമം ആരംഭിച്ചത്. കോവിഡ് സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയുണ്ടായി. പുതിയ തസ്തിക സൃഷ്ടിക്കലടക്കമുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ജിതേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് രണ്ട് വകുപ്പുകളുടെയും പൂർണ്ണമായ വിഭജനം സാധ്യമാകേണ്ടതുണ്ട്. വിഭജനം പൂർണ്ണമാക്കുന്നതിനുള്ള ശ്രമം രണ്ടു വകുപ്പുകളും നടത്തേണ്ടതുണ്ട്. ജില്ലാതലത്തിനു ശേഷമുള്ള താഴേത്തലങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള സംവിധാനം പരിമിതമാണെന്ന് സമിതി വിലയിരുത്തുന്നു.

8. വകുപ്പിന്റെ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി താഴെത്തട്ടുമുതൽ തന്നെ സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ടതുണ്ട്. വകുപ്പിന്റെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയുമുണ്ട്. <u>ആയതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിന് താഴെത്തട്ടിലുള്ള സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും പ്രവൃത്തികൾ നടപ്പാക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

9. വനിതാശിശുവികസന വകുപ്പിനു കീഴിൽ ഒട്ടേറെ പദ്ധതികൾ നടപ്പാക്കി വരുന്നു. സമാന സ്വഭാവമുള്ള പദ്ധതികളുടെ ഏകീകരണം അനിവാര്യമാണ്. മാറി മാറി വരുന്ന സർക്കാരുകൾ പ്രഖ്യാപിക്കുന്ന ജനോപകാരപ്രദമായ പദ്ധതികൾ ക്രോഡീകരിച്ച് സമാന സ്വഭാവമുള്ള പദ്ധതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നത് പദ്ധതി നടത്തിപ്പിന് ഗുണകരമായിരിക്കുമെന്ന് സമിതി കരുതുന്നു. സാമൂഹ്യനീതി വകുപ്പിനു കീഴിൽ ഭിന്നശേഷിക്കാർ, വയോജനം, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമം സംബന്ധിച്ച് കൃത്യമായി പരാമർശിക്കുന്നുണ്ട്. എന്നാൽ വനിത-ശിശുവികസന വകുപ്പിൽ അത്തരത്തിൽ കൃത്യമായ പരാമർശങ്ങളൊന്നും തന്നെയില്ല. <u>ആയതിനാൽ വനിത-ശിശുവികസന</u>

വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ സംബന്ധിച്ച് കൃത്യമായ മാർഗരേഖയുണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. വളരെ കുറച്ച് പ്ലാൻ ഫണ്ട് ലഭിക്കുന്ന വകുപ്പാണ് വനിതാ ശിശു വികസനം. വകുപ്പു വഴി നടപ്പാക്കുന്ന പദ്ധതികളിൽ പലതും ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കാൻ സാധിക്കാതെ വരികയോ പാതിവഴിയിൽ ഉപേക്ഷിക്കേണ്ട സ്ഥിതിയോ ഉണ്ടാകാറുണ്ട്. ആയതിനാൽ ബഡ്ജറ്റിൽ അനുവദിക്കുന്ന പ്ലാൻ ഫണ്ടിന്റെ ഇരട്ടിത്തുക ലഭ്യമായാൽ മാത്രമേ പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ബഡ്ജറ്റിൽ വകുപ്പിനായി അനുവദിക്കുന്ന മുഴുവൻ തുകയും വകുപ്പ് ചെലവഴിക്കേണ്ടതുമാണ്. ആയതിനാൽ വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. രാജ്യത്തിലെ കുഞ്ഞുങ്ങളുടെ പട്ടിണിയും പോഷകാഹാരക്കുറവും ഇല്ലാതാക്കുന്നതിനായി 1975 ഒക്ടോബർ 2-ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 106-ാം ജന്മദിനത്തിൽ രാജ്യത്തിന് സമർപ്പിച്ച സംയോജിതശിശുവികസന സേവന പദ്ധതിയാണ് അങ്കണവാടി അഥവാ അംഗൻവാടി. ഗർഭിണികൾ, നവജാത ശിശുക്കൾ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരാണ് അങ്കണവാടികളിലെ ഗുണഭോക്താക്കൾ. അനുപൂരക പോഷകാഹാരം, പ്രതിരോധകുത്തിവെയ്പ്പ്, ആരോഗ്യ പരിശോധന, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം, പ്രീസ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ അങ്കണവാടി മുഖേന ലഭ്യമാക്കുന്നു.

12. നിലവിൽ അങ്കണവാടികൾ ആകർഷകമായ രീതിയിലാണ് നിർമ്മിക്കുന്നത്. മോണ്ടിസോറി മാതൃകയിലുള്ള വിദ്യാലയങ്ങൾക്ക് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ ആകർഷിക്കാനും സാധിക്കുന്നുണ്ട്. പല അങ്കണവാടികളും നല്ല കെട്ടിടവും ആകർഷകമായ ഡിജിറ്റൽ ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളുമുള്ളവയാണെങ്കിലും ഇപ്പോഴും ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുമുണ്ട്. ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാൻ യോഗ്യതയില്ലാത്ത വാടക കെട്ടിടങ്ങളിലും അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിന് വനിത-ശിശുവികസന വകുപ്പിൽ നിന്ന് തുക അനുവദിക്കാറില്ല. പഞ്ചായത്തിരാജ്/ നഗരപാലിക നിയമ പ്രകാരം അങ്കണവാടികൾക്കുവേണ്ടി സ്ഥലം വാങ്ങി നൽകേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. സംസ്ഥാനത്തെ ഏകദേശം 33,000 അങ്കണവാടികളിൽ 12,000-ത്തിലേറെ അങ്കണവാടികൾ സ്വന്തമായി കെട്ടിടമില്ലാതെ ജീർണ്ണാവസ്ഥയിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ സ്വന്തമായി കെട്ടിടമില്ലാത്ത

അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് പ്രത്യേക ഫണ്ട് അനുവദിക്കണമെന്നും സമയബന്ധിതമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. അങ്കണവാടികെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതി 10, 7.5, 5, 3, 3 (മലഞ്ചെരിവ്), 1.25 സെന്റ് എന്നതനുസരിച്ച് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 6 വ്യത്യസ്ത പ്ലാൻ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം തയ്യാറാക്കിയതായും കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് സ്മാർട്ട് അങ്കണവാടി പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം (MGNREGS) പദ്ധതി പ്രകാരവും അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് വരുന്നുവെന്നും ഈ പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS-ഉം 2 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകളും (60:40 അനുപാതത്തിൽ) ശേഷിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കുന്നുവെന്നും സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 193 അങ്കണവാടികൾക്കും MGNREGS പദ്ധതി പ്രകാരം 720 അങ്കണവാടികൾക്കും കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു.

14. വളർന്നുവരുന്ന തലമുറ കണ്ടും കേട്ടും അറിഞ്ഞും പഠിക്കുന്നതിനായുള്ള സ്മാർട്ട് അങ്കണവാടികളിൽ പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം ഇൻഡോർ-ഔട്ട്ഡോർ പ്ലേ ഏരിയ, ഹാൾ, പൂന്തോട്ടം, പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി., മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾ വീണാൽ പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, കൗമാരപ്രായത്തിലുള്ള കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്പ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു.

15. ആയതിനാൽ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടാത്ത അങ്കണവാടികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും പുതിയ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങൾ സ്മാർട്ട് അങ്കണവാടി മാതൃകയിൽ പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. അങ്കണവാടികൾക്കായി നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നുണ്ട്. അങ്കണവാടികളിൽ കുടിവെള്ള സൗകര്യങ്ങൾ, അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തൽ, അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ തുടങ്ങിയ നിരവധി പദ്ധതികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. അങ്കണവാടികൾ സംബന്ധിച്ച പ്രവർത്തനങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിരവധി പദ്ധതികളിലായി ഉൾപ്പെട്ടുവരുന്നതും പ്രാവർത്തികമാകാത്തതുമായ പദ്ധതികളെല്ലാം ഏകോപിപ്പിച്ച് സംസ്ഥാനത്ത് നിലവിലുള്ള മുഴുവൻ അങ്കണവാടികൾക്കും പൊതുവായി പ്രയോജനപ്പെടുന്നതരത്തിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ശിശുസൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്. പദ്ധതി മുഖേന പരിരക്ഷ നൽകുന്നതിനായി മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉള്ളതും വിഭിന്നശേഷിയുള്ള കുട്ടികൾക്ക് എത്തിച്ചേരാൻ യാത്രാ സൗകര്യമുള്ളതുമായ അങ്കണവാടികളെ തെരഞ്ഞെടുത്ത് സവിശേഷ അങ്കണവാടികൾ ആക്കി മാറ്റുന്നതിനും പ്രസ്തുത അങ്കണവാടികളിലെ വർക്കർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും കുട്ടികളിലെ മാനസിക ആരോഗ്യപരിരക്ഷ സംബന്ധിച്ച് മാതാപിതാക്കൾക്ക് വിദഗ്ദ്ധർ കൗൺസിലിംഗ് നൽകുന്നതിനും പ്രസ്തുത അങ്കണവാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം ലഭ്യമാക്കിക്കൊണ്ട് സ്പെഷ്യൽ അങ്കണവാടി പദ്ധതി നടപ്പിലാക്കുന്നത് അഭിനന്ദനാർഹമാണ്. ആയതിനാൽ സ്പെഷ്യൽ അങ്കണവാടി പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും ഭരണാനുമതി ലഭിച്ചവ താമസംവിനാ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. അങ്കണവാടി പ്രവർത്തകരുടെ നിയമനങ്ങൾ നടക്കുന്നത് കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളുടെയും ഐ.സി.ഡി.എസ്. മാന്വലിന്റെയും സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും മാർഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ്. എസ്.എസ്.എൽ.സി. ജയിച്ചതും 18-നും 46-നുമിടയിൽ പ്രായമുള്ളവരുമായ തദ്ദേശീയരായ വനിതകളെയാണ് അങ്കണവാടി വർക്കർമാരായി നിയമിക്കുന്നത്. എഴുത്തും വായനയും അറിയാവുന്നവരും 18-നും 46-നുമിടയിൽ പ്രായമുള്ളവരുമായ വനിതകളെയാണ് അങ്കണവാടി ഹെൽപ്പർ ആയി നിയമിക്കുന്നത്. 62 വയസ്സ് ആണ് ഇവരുടെ വിരമിക്കൽ പ്രായം. കേന്ദ്ര ഇ.സി.സി.ഇ.

നയത്തിന്റെ അടിസ്ഥാനത്തിൽ ഇ.സി.സി.ഇ. കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ തീമുകളെ ആധാരമാക്കി സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർമാർക്കുള്ള ഇ.സി.സി.ഇ. പരിശീലനം നൽകുന്നുണ്ട്. പുതുതായി അങ്കണവാടി ഹെൽപ്പർമാരായും വർക്കർമാരായും പ്രവേശിക്കുന്നവർക്കായി കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന ജോബ് ട്രെയിനിംഗ് നിർത്തലാക്കുകയും പകരം സംസ്ഥാന സർക്കാർ നടത്തുന്ന റിഫ്രഷർ ട്രെയിനിംഗ് (സർവ്വീസിൽ പ്രവേശിച്ച് 2 വർഷം തികഞ്ഞവർക്ക് നൽകുന്ന 7 ദിവസത്തെ ട്രെയിനിംഗ്, ട്രെയിനിംഗ് പൂർത്തിയായ ശേഷം വീണ്ടും രണ്ട് വർഷം കഴിഞ്ഞുള്ള ട്രെയിനിംഗ്) ആണ് നിലവിൽ അങ്കണവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും നൽകിവരുന്നത്. ആയതിനാൽ അങ്കണവാടി പ്രവർത്തകർക്ക് നൽകുന്ന വിവിധ പരിശീലന പരിപാടികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തുടർ പരിശീലനം നൽകേണ്ടത് ആവശ്യമാണ്. ഇവരിൽ പലരും ശിശുവികസനവുമായി ബന്ധപ്പെട്ട കോഴ്സ് പാസ്സാകാത്തവരാണ്. ഭാവിയിൽ ശിശുവികസനവുമായി ബന്ധപ്പെട്ട കോഴ്സ് പാസ്സാകുന്നവർക്കുമാത്രം നിയമനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരുണത്തിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും നൈപുണ്യ വികസനം വളരെ അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അങ്കണവാടി പ്രവർത്തകർക്ക് നൈപുണ്യ വികസനത്തിനായി കൃത്യമായ ഇടവേളകളിൽ ഐ.സി.ഡി.എസ്. പരിശീലന പരിപാടികൾ ക്രോഡീകരിച്ച് സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് ₹12,000, മിനി അംഗൻവാടി വർക്കർമാർക്ക് ₹11,000 അങ്കണവാടി ഹെൽപ്പർമാർക്ക് ₹8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിലാണ് ഓണറേറിയം നൽകുന്നത്. അങ്കണവാടികളിൽ ആനന്ദകരമായ വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപൂർണ്ണമായ ബാല്യം പ്രദാനം ചെയ്യുക തുടങ്ങി കുട്ടികൾക്കുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളിലും സാധാരണ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും അങ്കണവാടി ജീവനക്കാർ വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. സാധാരണ ജനങ്ങളിലേക്ക് എത്തേണ്ട സർക്കാർ സഹായങ്ങൾ/സേവനങ്ങൾ താഴേത്തട്ടിലേയ്ക്ക് എത്തിക്കുന്നതിന് വളരെ നിർണായകമായ പങ്ക് വഹിക്കുന്നവരാണ് അങ്കണവാടി ജീവനക്കാർ. അവർ ചെയ്യുന്ന

സേവനവുമായി തട്ടിച്ചുനോക്കുമ്പോൾ അവർക്ക് ലഭിക്കുന്ന പ്രതിമാസ ഓണറേറിയം തുലോം കുറവാണെന്ന് സമിതി കരുതുന്നു. ആയതിനാൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി അവർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സംഘടിത/അസംഘടിത മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന സ്ത്രീകളുടെ 6 മാസം മുതൽ 6 വയസ്സ വരെ പ്രായമുള്ള കുട്ടികളെ പകൽസമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് നാഷണൽ ക്രഷ് സ്കീം. പ്രസ്തുത പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകൾക്കുള്ള ധനസഹായം 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളാണ് നൽകുന്നത്. പ്രസ്തുത പദ്ധതി പൽന (Palna) എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്.

23. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്റ്റ് പ്രകാരം അൻപതോ അതിൽ കൂടുതലോ ജീവനക്കാർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ ക്രഷ് ആരംഭിക്കേണ്ടതുണ്ട്. ആയതിനാൽ നാഷണൽ ക്രഷ് സ്കീം പ്രകാരം പ്രവർത്തിച്ചിരുന്നതിൽ നിലവിൽ പ്രവർത്തനരഹിതമായ ക്രഷുകളെ ഇത്തരം സ്ഥാപനങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ തീരുമാനിക്കുകയും 25 ക്രഷുകളെ റീഷിഫ്റ്റ് ചെയ്യുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിലേയ്ക്കായി 2 ലക്ഷം രൂപാ വീതം നൽകി 17 എണ്ണം പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. റീഷിഫ്റ്റ് ചെയ്തതും ഭരണാനുമതി ലഭിച്ചതുമായ അവശേഷിക്കുന്ന ക്രഷുകൾ കൂടി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ പകൽ നേരത്ത് തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷം എറണാകുളം ജില്ലയിൽ ആരംഭിച്ച പദ്ധതിയാണ് 'മൊബൈൽ ക്രഷ് ' പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ഒൻപത് ജില്ലകളിൽ കൂടി പദ്ധതി വ്യാപിപ്പിച്ചിരുന്നു. എന്നാൽ കോവിഡ് സാഹചര്യത്തിൽ പദ്ധതി നിർത്തലാക്കിയിരുന്നു. എന്നാൽ നടപ്പ് വർഷം (2022-23) എറണാകുളത്ത് പദ്ധതി പുനരാരംഭിക്കുന്നതിനും കുഞ്ഞുങ്ങളുടെ പരിപാലനം, ശുചിത്വം, മാനസികോല്ലാസം, പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ, മോണിറ്ററിംഗ് മുതലായവയ്ക്കായി മെച്ചപ്പെട്ട സാധന സാമഗ്രികൾ വാങ്ങുന്നതിനും ക്രഷ് ഒന്നിന് 2 ലക്ഷം രൂപ വീതം വകപ്പ് അനുവദിക്കുന്നുണ്ട്. അതിഥി തൊഴിലാളികളുടെ കുട്ടികളെ കൂടാതെ നിർമ്മാണ മേഖലയിലും മറ്റ് അസംഘടിത തൊഴിൽ മേഖലകളിലും

ജോലി ചെയ്യുന്ന തദ്ദേശീയരുടെ കുട്ടികളെ കൂടി ഉൾപ്പെടുത്തി പദ്ധതിയുടെ ഗുണം കൂടുതൽ പേരിലേയ്ക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ നിർത്തിവയ്ക്കപ്പെട്ട മൊബൈൽ ക്രഷ് കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഫണ്ട് അനുവദിച്ചതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് മൊബൈൽ ക്രഷ് പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. അങ്കണവാടികളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന് പുനർനാമകരണം ചെയ്യുകയും കൗമാരക്കാരായ കുട്ടികളുടെ ശാക്തീകരണവും, ശാരീരികവും മാനസികവുമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ആയതിനായി മുഴുവൻ അങ്കണവാടികൾക്കും 1000 രൂപയുടെ സ്പോർട്സ്/ഗെയിം കിറ്റ് അനുവദിക്കുകയും 'വർണ്ണക്കൂട്ടി'ലെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതും കാലിക പ്രാധാന്യമുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്തു ബോധവൽക്കരണ ക്ലാസുകൾ നൽകുകയും സെക്ടർ തലത്തിൽ തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

26. കൗമാരക്കാരായ കൂടുതൽ കുട്ടികളെ 'വർണ്ണക്കൂട്ട്' പദ്ധതിയുടെ ഭാഗമാക്കുന്നതിനും അവരെ കൂടുതൽ ആകർഷിക്കുന്നതിനും കഴിയുന്ന രീതിയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ വകുപ്പ് ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. കൗമാരക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി മരുന്നുപയോഗത്തിനെതിരെ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് 'വർണ്ണക്കൂട്ട്' പദ്ധതി മുഖേന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണമെന്നും ലഹരിമരുന്നിന്റെ ദോഷവശങ്ങളെക്കുറിച്ച് യുവജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'കമ്മ്യൂണിറ്റി കിച്ചൺ.' അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയാർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ 196 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ചാണ് 2013 മുതൽ പദ്ധതി നടപ്പിലാക്കിയത്. ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്കു പുറമെ ഭിന്ന ശേഷിയുള്ളവർ, കിടപ്പുരോഗികൾ, വയോജനങ്ങൾ, മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചന്റെ ഗുണഭോക്താക്കൾ. പദ്ധതിയ്ക്കാവശ്യമായ ഫണ്ട് വനിതാ ശിശു വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ 60:40 എന്ന അനുപാതത്തിൽ സംയുക്തമായാണ് ചെലവാക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഭക്ഷണ

സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. കുടുംബശ്രീ മുഖേന ഭക്ഷണസാധനങ്ങൾ ഏറ്റെടുത്ത് പാചകം ചെയ്ത് ഭക്ഷണ പദാർത്ഥം രാവിലെയും വൈകുന്നേരവും ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി കിച്ചണിലൂടെ സുഗമമായി വിതരണം ചെയ്യുന്നുവെന്നും സമിതി മനസ്സിലാക്കുന്നു.

29. ശിശുമരണനിരക്ക്, ഗർഭിണികളിലെ പോഷകാഹാരക്കുറവ് എന്നിവ കുറയ്ക്കുന്നതിനായി 196 ആദിവാസി ഊരുകളിലായാണ് പദ്ധതി അനുവദിച്ചതെങ്കിലും പിന്നീട് അത് 150 ഊരുകളായി ലോപിച്ചുവെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം നിലവിൽ നൂറിൽ താഴെ ഊരുകളിൽ മാത്രമേ പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷണം നൽകാൻ സാധിക്കുകയുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അട്ടപ്പാടി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി അട്ടപ്പാടിമേഖലയിലെ എല്ലാ ആദിവാസി ഊരുകളിലും നടപ്പിലാക്കണമെന്നും ആയതിനായി ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. കൂടാതെ, കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഒരാൾക്ക് ദിവസം 20 രൂപാ നിരക്കിലാണ് ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത തുക കാലോചിതമായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. വനിതാ ശിശു വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ മുഖേനയാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഫണ്ട് അനുവദിക്കുന്നത്. എന്നാൽ കൃത്യമായ ഫണ്ട് അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് സാമ്പത്തിക ബാധ്യതമൂലം മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥ സംജാതമായതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി കുടുംബശ്രീ മിഷൻ ചെലവഴിച്ച മുഴുവൻ തുകയും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കമ്മ്യൂണിറ്റി കിച്ചണിനായി ഭക്ഷണം പാകം ചെയ്യുന്നത് ഷെഡ്ഡുകളിലാണ്. കമ്മ്യൂണിറ്റി കിച്ചണിന്റെ ആവശ്യത്തിനായുള്ള സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള കെട്ടിടം ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ആയതിനാൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയ്ക്കായി ഭക്ഷണം പാകം ചെയ്യുന്നതിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഗർഭാവസ്ഥയിലെ ഒമ്പതാം മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്.

ഗർഭകാലത്ത് അമ്മയ്ക്ക് ലഭിക്കുന്ന പോഷണം ഗർഭസ്ഥ ശിശുവിന്റെ ശരീരവളർച്ച, തലച്ചോറിന്റെ വികാസം എന്നിങ്ങനെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തുന്നു. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ആയതിനാൽ ഇത് ഒഴിവാക്കുന്നതിനായി 'ആദ്യ 1,000 ദിനങ്ങൾ' എന്ന പദ്ധതി വനിതാശിശു വികസന വകുപ്പ് നടപ്പാക്കുന്നുവെന്നും പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുന്നുവെന്നും പ്രസ്തുത പദ്ധതി 57 ഐ.സി.ഡി.എസ്. പ്രോജക്ടുകളായി നിലവിൽ നടപ്പാക്കുന്നുവെന്നതും പ്രശംസനീയം തന്നെയാണ്. 'ആദ്യ 1,000 ദിനങ്ങൾ' എന്ന പദ്ധതി കേരളത്തിൽ പോഷണക്കുറവുള്ള കുഞ്ഞുങ്ങളുടെ ജനനത്തെ കുറയ്ക്കാൻ സഹായിക്കും എന്നതിനാൽ സംസ്ഥാനത്തെ എല്ലാ ഐ.സി.ഡി.എസ്.-കളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നൂതന പദ്ധതിയാണ് **'അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).'** വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും സ്കൂളുകളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി സൈബർ മാനസികാരോഗ്യ മേഖലകളിലെ വിദഗ്ദ്ധരെക്കൊണ്ട് വ്യത്യസ്ത തലങ്ങളിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടികൾ ശ്രദ്ധിക്കണമെന്നതിനെക്കുറിച്ചും, മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവർക്ക് കുട്ടികൾ ഇത്തരം പ്രവണതകളിലേക്ക് ചെന്നെത്തുന്നതിനു മുമ്പായി എങ്ങനെ പ്രതിരോധിയ്ക്കാം എന്നതിനെക്കുറിച്ചും ബോധവത്ക്കരണം നടത്തിവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. സ്കൂൾ തലത്തിൽ ഓരോ കുട്ടികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് അവരുടെ മാനസിക/ശാരീരിക അവസ്ഥ തിരിച്ചറിയുന്നതിനും അവരെ സ്കൂൾ തലത്തിൽ കൗൺസിലിംഗ് നൽകി സാധാരണനിലയിൽ എത്തിക്കുന്നതിനും അതിനു സാധിക്കാത്തവരെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലെ ജില്ലാ റിസോഴ്സ് സെന്ററുകളിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിനും 'സ്മാർട്ട് 40' ക്യാമ്പുകൾ നടത്തി കുട്ടികളെ സാധാരണ നിലയിലെത്തിക്കുന്നതിനും സാധിക്കുന്നുവെന്നത് പ്രശംസനീയമാണ്. സംസ്ഥാനത്തെ 304 സ്കൂളുകളിൽ ആഭ്യന്തരവകുപ്പ് ആരംഭിച്ച പദ്ധതി

പിന്നീട് വനിത-ശിശു വികസന വകുപ്പിന് കൈമാറുകയാണുണ്ടായതെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി നിലവിൽ 380 സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടെന്നും സാമൂഹിക-മാനസിക-പഠന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടുപിടിച്ച് സഹായിക്കുന്നതിനും ലഹരി ഉപയോഗം തടയുന്നതിനായി ബോധവത്ക്കരണം നടത്തുന്നതിനും പ്രയോജനപ്പെടുന്ന പദ്ധതിയാണിതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഒ.ആർ.സി.യുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങളും മറ്റ് വിവിധ അതിക്രമങ്ങളും തടയുന്നതിനും, ആയത് ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് 'കുഞ്ഞാപ്പ് ' എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് ആരംഭിച്ചിട്ടുണ്ടെന്നും ഈ ആപ്പിലൂടെ ഐ.സി.പി.എസ്. മുഖേന കുട്ടികൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ച് അറിയാൻ സാധിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങളുടെ എണ്ണം കൂടി വരുകയും ജീവിതരീതികൾ ഹൈ-ടെക് ആയി മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ആപ്പിന് ഈ കാലഘട്ടത്തിൽ വലിയ പ്രാധാന്യമുണ്ട്. എന്നാൽ കുട്ടികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവർക്കിടയിൽ ഇത് സംബന്ധിച്ച് പ്രചാരണം വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വനിതാശിശുവികസന വകുപ്പ് ആരംഭിച്ച മൊബൈൽ ആപ്പ് കുഞ്ഞാപ്പ്-നെ സംബന്ധിച്ച പ്രചാരണം വിപുലമായ രീതിയിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ജുവനൈൽ ഹോമുകളിലെയും സ്പെഷ്യൽ ഹോമുകളിലെയും അന്തേവാസികളായ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് 'ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഹോമുകളിലെ കുട്ടികൾക്ക് ആശാരിപ്പണി, നെയ്ത്ത്, മുച്ചക്ര വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കൽ തുടങ്ങിയവയിന്മേൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിലും ആയത് ചെലവാക്കിയതായി കാണുന്നില്ല. ആയതിനാൽ 'ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കുക' എന്ന പദ്ധതിയ്ക്കായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനും പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ഗുരുതരരോഗം ബാധിച്ച കുട്ടികൾക്കുള്ള വൈദ്യസഹായം, പ്രകൃതിദുരന്തം, ലൈംഗികാതിക്രമം, മാനസികപീഡനം മുതലായവയ്ക്ക് ഇരയായ കുട്ടികൾ, അനാഥകുട്ടികൾ, തെരുവിൽ കഴിയുന്ന കുട്ടികൾ, ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികൾ എന്നിവർക്കായി

2015 ബാലനീതി നിയമം സെക്ഷൻ 105 പ്രകാരം 2016-ലെ ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾ 83 അനുസരിച്ച് രൂപീകരിച്ചതാണ് ജസ്റ്റിസ് ഫണ്ട് (ബാലനിധി). നിലവിൽ അർഹരും അതിസങ്കീർണ്ണമായ സാമ്പത്തികബുദ്ധിമുട്ടുകൾ നേരിടുന്നവരുമായ മുഴുവൻ കുട്ടികൾക്കും പദ്ധതി പ്രകാരമുള്ള സേവനം നൽകാൻ സാധിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സാമ്പത്തിക സമാഹരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബാലനിധിയ്ക്കായി ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനായി സാമ്പത്തിക സമാഹരണം നടത്തുന്നതിനും ഫലപ്രദമായ സിവിൽ സൊസൈറ്റി പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത പദ്ധതിയ്ക്കായി കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

38. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമം, ലൈംഗിക പീഡനം, ലൈംഗികവൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരായുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 2012-ൽ രൂപീകരിച്ച നയപദ്ധതിയാണ് നിർഭയ. പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

39. നിർഭയയുടെ കീഴിൽ പ്രധാനമായും 14 എൻട്രി ഹോമുകൾ (ഷെൽട്ടർ ഹോം), മൂന്ന് എസ്.ഒ.എസ്., മാതൃകാ ഹോം, മോഡൽ ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത്, ആഫ്റ്റർ കെയർ ഹോം, ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തേജോമയ ആഫ്റ്റർ കെയർ ഹോം എന്നിവയാണ് പ്രവർത്തിക്കുന്നത്. ഈ ഹോമുകളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനായി അനുവദിക്കുന്നത് ഒരാൾക്ക് ഒരു മാസം 2000 രൂപ എന്ന നിരക്കിലാണ്. ഹോമുകളിലെ ഇന്റർഗ്രേറ്റഡ് കെയർ സെന്ററുകളിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ള അന്തേവാസികൾ ഉൾപ്പെടെയുള്ളവർക്ക് ഈ തുക തുലോം കുറവാണ്. ആയതിനാൽ നിർഭയ സെല്ലിനു കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിലെ അന്തേവാസികൾക്കുള്ള ഭക്ഷണത്തിനായി അനുവദിക്കുന്ന തുക കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. നിർഭയയുടെ കീഴിലുള്ള ഹോമുകളെല്ലാം 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഹൗസ് മദർ, കുക്ക്, സെക്യൂരിറ്റി എന്നിവരാണ് പ്രധാനമായും ഇവിടത്തെ ജീവനക്കാർ. എം.എസ്.ഡബ്ല്യൂ. ബിരുദധാരികളാണ് ഹൗസ് മദറായി പ്രവർത്തിക്കുന്നത്. കരാർ അടിസ്ഥാനത്തിലാണ് ഇവരെ നിയമിക്കുന്നത്. ഹൗസ് മദറിന് ₹21,500, കുക്ക്, സെക്യൂരിറ്റി എന്നിവർക്ക് ₹8,000 വീതം എന്നിങ്ങനെയാണ് 24 മണിക്കൂർ പ്രവർത്തിക്കുന്നവരുടെ വേതനനിരക്ക്. ഇത് മിനിമം വേജസ് നയംപോലും

പാലിക്കാതെയാണ് നടപ്പിലാക്കുന്നതെന്ന് സമിതി കരുതുന്നു. ആയതിനാൽ നിർഭയയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോമുകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥ പുനർനിർണ്ണയിക്കുന്നതിനും ഹോമുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ലൈംഗിക അതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുക എന്നതാണ് 'ആശ്വാസനിധി' പദ്ധതിയുടെ ലക്ഷ്യം. ലൈംഗികാതിക്രമം, ലൈംഗിക പീഡനം എന്നിവ അതിജീവിച്ചവർക്ക് 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ നൽകുകയും പീഡനത്തിലൂടെ ഗർഭിണിയായാൽ ഒരു ലക്ഷം രൂപ വരെ അധികം നൽകുകയും ആക്രമണത്തിന്റെ ഭാഗമായി ശരീരഭാഗമോ ജീവനോ നഷ്ടപ്പെട്ടാൽ 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും മനുഷ്യക്കടത്തിൽ നിന്നു രക്ഷപ്പെടുന്നവർക്ക് 50,000 രൂപ വരെയും നൽകുന്നതിന് പദ്ധതി മുഖേന സാധിക്കുന്നു. ഗാർഹിക പീഡനം മൂലമുള്ള മാനസിക-ശാരീരിക ആഘാതത്തിനും ഇതേ തുകയാണ് നൽകുന്നത്. പോലീസ് കേസ് രജിസ്റ്റർ ചെയ്ത് ആറു മാസത്തിനകം ജില്ലാ ശിശു അല്ലെങ്കിൽ വനിതാ സംരക്ഷണ ഓഫീസർക്ക് അപേക്ഷ നൽകുകയും വകുപ്പ് അന്വേഷണം നടത്തി നിർഭയ സെല്ലിലേക്ക് അപേക്ഷ കൈമാറുകയും ചെയ്താൽ ഒരാഴ്ചയ്ക്കകം അതിജീവിതയുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയാണ് പതിവ്. 2018-19 സാമ്പത്തിക വർഷം മുതലാണ് ഈ പദ്ധതിയ്ക്കായി 3 കോടി രൂപ നീക്കിയിരുപ്പ് നടത്തിയിരുന്നതെങ്കിലും പദ്ധതി വിനിയോഗം വളരെ കുറവായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ 2 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കായി 3.5 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 2.75 കോടി രൂപയും ചെലവാക്കിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ലൈംഗികാതിക്രമങ്ങൾ കൂടിവരുന്ന നിലവിലെ സാഹചര്യത്തിൽ ആശ്വാസനിധിയ്ക്കായി ബഡ്ജറ്റിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. സ്ത്രീകൾക്കെതിരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം, പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനുമായി കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.). കേരളത്തിലെ 14 ജില്ലകളിലും ഇത് 24 മണിക്കൂർ പ്രവർത്തിക്കുന്നുവെന്നത് പ്രശംസനീയമാണ്.

43. സ്ത്രീധന-ഗാർഹിക പീഡന സംബന്ധമായ പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതും സ്ത്രീകൾക്ക് നീതി ഉറപ്പാക്കുന്നതും വളരെ അത്യാവശ്യമാണ്. ആയതിനായി വനിതാ ശിശു വികസന വകുപ്പും പോലീസ് വകുപ്പുമായി ചേർന്ന് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് 'ടാസ്ക് ഫോഴ്സ്'. നിലവിൽ സ്ത്രീധന-ഗാർഹിക പീഡനങ്ങൾക്കെതിരെ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് ഒരു മുതൽക്കൂട്ടാണ് 'ടാസ്ക് ഫോഴ്സ്'. സ്ത്രീധന-ഗാർഹിക പീഡനങ്ങളെക്കുറിച്ചുള്ള പരാതികൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ പോലീസ് സ്റ്റേഷനിൽ ലഭിക്കുന്ന പരാതികളിൽ ഇതിന് മുൻതൂക്കം നൽകുവാൻ ഈ പദ്ധതികൊണ്ട് സാധിക്കും. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ജനമൈത്രി പോലീസ്, അങ്കണവാടി വർക്കർ, പാര ലീഗൽ വോളന്റീയർ എന്നീ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കിയും ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന കാതോർത്ത് പദ്ധതി, 2023 ഫെബ്രുവരിയിൽ നടപ്പിലാക്കിയതാണ്. Kathorthu. wcd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് പരാതി സമർപ്പിക്കേണ്ടത്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ പദ്ധതിയിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നു. ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം, 2005 ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാൽ വകുപ്പും വനിത-ശിശു വികസന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'രക്ഷാദൂത് പദ്ധതി'. അതിക്രമത്തിനിരയായ വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു സീൽ ചെയ്ത കടലാസിൽ പരാതി സ്വന്തം മേൽവിലാസമെഴുതി തപാൽപ്പെട്ടിയിൽ നിക്ഷേപിക്കാവുന്നതുമാണ്. അല്ലാത്തപക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/ കുട്ടിയോ അവരുടെ അടുത്തുള്ള തപാൽപ്പെട്ടിയിൽ സീൽ ചെയ്ത് വെള്ളക്കടലാസിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിതാ ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/വാട്സ്ആപ്പ് എസ്.എം.എസ്. ഹെൽപ്പ് ലൈനിലേക്ക് കൈമാറുന്നതാണ്. ഈ പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു.

45. കാതോർത്ത്, രക്ഷാദൂത് പദ്ധതികൾ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾ/കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്. അവരുടെ പ്രശ്നങ്ങൾ എന്താണ് എന്ന് കേൾക്കുന്നതിന് ഒരാൾ അല്ലെങ്കിൽ ഒരു സമൂഹം മുഴുവൻ കൂടെയുണ്ടാകുമെന്ന തോന്നൽ അവരിൽ ഉളവാക്കാൻ ഇതിലൂടെ സാധിക്കുന്നു. എന്നാൽ ഈ രണ്ടു പദ്ധതികളെയും സംബന്ധിച്ച് ജനങ്ങൾക്കിടയിൽ പ്രചാരം ലഭിക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ കാതോർത്ത്, രക്ഷാദൂത് എന്നീ പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുവെന്നത് പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച 'എന്റെ കൂട്' പദ്ധതി അങ്ങേയറ്റം പ്രശംസനീയമാണ്. ധാരാളം സ്ത്രീകൾക്ക് തണലാകുവാൻ ഈ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 'എന്റെ കൂട് പദ്ധതി കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ "എന്റെ കൂട് പദ്ധതി സംസ്ഥാനത്തെ മറ്റു ജില്ലകളിലും കൂടി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗമുണ്ടാക്കുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് സഹായ ഹസ്തം പദ്ധതി. സാമ്പത്തിക സ്ഥിതി, ആരും നോക്കാനില്ലാത്തവർ, ബി.പി.എൽ. കുടുംബം എന്നിങ്ങനെയുള്ള വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ് ലഭ്യമായ അപേക്ഷകളിൽ നിന്ന് പത്ത് പേരെ തെരഞ്ഞെടുക്കുന്നത്. പദ്ധതി പ്രകാരം സഹായം ലഭ്യമായവർ ആരംഭിച്ച പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കാറുമുണ്ട്. പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ട് കുറവായതിനാലും എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കണമെന്നുള്ളതിനാലുമാണ് 10 പേർ എന്ന പരിധി നിശ്ചയിച്ചിരിക്കുന്നതെന്ന് സമിതി കരുതുന്നു. ചെറിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനമെന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വിധവകളായിക്കഴിയുമ്പോൾ ആരും സഹായത്തിനില്ലാതെ ആത്മഹത്യ ചെയ്യുന്നൊരു പ്രവണതയുണ്ടായിരുന്നുവെന്നും ആയത് ഇല്ലാതാക്കുന്നതിനാണ് പദ്ധതി ആരംഭിച്ചതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 'സഹായഹസ്തം' പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന അർഹരായ എല്ലാപേർക്കും സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം, സധൈര്യം മുന്നോട്ട് ക്യാംപെയിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, വൺഡേഹോം, വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം,

അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്കുള്ള ധനസഹായം, വിധവകളുടെ പുനർവിവാഹത്തിനുള്ള ധനസഹായം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിലിനുള്ള ധനസഹായം, ജെൻഡർ അഡ്വൈസറി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്നിവ 2235-02-103-88-വനിതാ വികസന പദ്ധതികൾ എന്ന ശീർഷകത്തിന്റെ കീഴിലാണ് വരുന്നത്. ആയതിലേക്കായി 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക മുഴുവനായും ചെലവാക്കിയതായി കാണുന്നില്ലായെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വനിതാ ശിശു വികസന വകുപ്പ് നിലവിൽ വന്ന ശേഷം വനിതകൾക്ക് മാനസിക ധൈര്യം സംഭരിക്കുന്നതിനും സാമ്പത്തികമായി മുന്നേറുന്നതിനും വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന മുഴുവൻ തുകയും ചെലവാക്കി ഉപകാരപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. സ്ത്രീകൾ അവരവരുടെ കർമ്മ മേഖലകളിൽ തങ്ങളുടെ കഴിവ് തെളിയിച്ച് സ്വയംപര്യാപ്തരായവർക്കായി 2019-ൽ പ്രഖ്യാപിച്ചിരുന്നതാണ് ദാക്ഷായണി വേലായുധൻ അവാർഡ്. ഒരു സമിതി രൂപീകരിച്ച് അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ നാളിതുവരെ പ്രസ്തുത അവാർഡ് സമ്മാനിച്ചതായി കാണുന്നില്ല. സ്ത്രീ ശാക്തീകരണത്തിനുള്ള പ്രോത്സാഹനമായി നൽകാൻ തീരുമാനിച്ചിരുന്ന ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നും അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

50. കുട്ടികൾ വേണ്ടെന്നുവയ്ക്കുകയും കുടുംബജീവിതത്തെ തള്ളിപ്പറയുകയും ചെയ്യുന്ന പ്രവണത ഏറെക്കുറെ രൂഢമൂലമായിത്തീർന്നിട്ടുള്ള ഒരു നാട്ടിലാണ് നാം ജീവിക്കുന്നത്. ലൈംഗിക അരാജകത്വം കൊടുകുത്തിവാഴുന്ന ഈ കാലഘട്ടത്തിൽ കൗമാരപ്രായക്കാർ മുതൽ വിവാഹിതർ വരെ ഗർഭം അലസിപ്പിക്കാൻ ആശുപത്രികൾ തേടിയെത്തുന്നത് ഭ്രൂണഹത്യയെന്ന കൊടും ക്രൂരതയുടെ നേർകാഴ്ചയാണ്. കുടുംബത്തിൽ ആൺകുഞ്ഞിനെ ലഭിക്കുക, ബലി നൽകുക, കാമുകനൊപ്പം ജീവിക്കുക എന്നിങ്ങനെ യുക്തിസഹമല്ലാത്ത കാരണങ്ങളാണ് കുഞ്ഞുങ്ങളുടെ കൊലപാതകത്തിനും ഭ്രൂണഹത്യക്കും പിന്നിലുള്ള പ്രേരകശക്തി. ഇത് സമൂഹത്തിലുണ്ടായിട്ടുള്ള മൂല്യച്യുതിയുടെ മകുടോദാഹരണമാണ്. വിവാഹം കഴിക്കാതെ രണ്ടു കമിതാക്കൾ ഒന്നിച്ചു ജീവിക്കുന്ന പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായ ലിവിംഗ് ടുഗെതർ രീതിയിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് വിവാഹബന്ധത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കുള്ളത്ര അവകാശമുണ്ടെന്ന കോടതി ഉത്തരവുണ്ടെങ്കിലും കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ ആര് സംരക്ഷിക്കും എന്നത് അനിശ്ചിതത്വത്തിൽ തന്നെ തുടരുന്നു. അതേ അവസ്ഥയാണ് ലിവിംഗ് ടുഗതറിൽ ഉൾപ്പെടുന്ന സ്ത്രീയുടേതും. മാന്യതയുടെ മറവിൽ നടക്കുന്ന വൈഫ് സ്വാപ്പിംഗും സമൂഹത്തിൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ

അപര്യാപ്തതയും തന്മൂലം സംജാതമാകുന്ന മാനസിക വൈകൃതങ്ങളും സാംസ്കാരിക അപചയത്തിന്റെ നേർകാഴ്ചയാണ്. ഇതൊക്കെത്തന്നെ കുടുംബ ബന്ധങ്ങളുടെ ശൈഥില്യത്തിന്റെ ദോഷഫലങ്ങളാണ്. കുടുംബ ബന്ധങ്ങളിലെ വിള്ളലുകളാണ് കാലക്രമത്തിൽ പല സാമൂഹിക വിപത്തുകൾക്കും വഴിയൊരുക്കുന്നത്. ആയതിനാൽ സമൂഹനന്മയ്ക്കുതകുന്ന രീതിയിൽ ഹൈസ്കൂൾ/ കോളേജ് തലങ്ങളിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകേണ്ടത് സമൂഹ നന്മയ്ക്ക് അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വളർന്നു വരുന്ന തലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനും അവർ ലൈംഗിക വൈകൃതങ്ങളിൽപ്പെടാതെ ജീവിക്കുന്നതിനും ഉതകുന്ന തരത്തിൽ സ്കൂൾ/കോളേജ് തലങ്ങളിൽ തന്നെ ലൈംഗിക വിദ്യാഭ്യാസം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. പ്രീമാരിറ്റൽ/മാരിറ്റൽ കൗൺസിലിംഗിന് വർദ്ധിച്ചു വരുന്ന ശിഥിലദാമ്പത്യങ്ങൾ ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. കുടുംബം ശിഥിലമാകുന്നതിനു മുൻപ് കൗൺസിലിംഗ് നൽകുന്നതാണ് ഏറ്റവും ഉചിതമെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രീമാരിറ്റൽ/ മാരിറ്റൽ കൗൺസിലിംഗ് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഒരു മാനദണ്ഡമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

52. വർഷങ്ങൾക്കുമുൻപ് എസ്.എ.ടി. ആശുപത്രിക്കു മുന്നിൽ ചോരക്കുഞ്ഞിനെ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തിയതിനെത്തുടർന്നാണ് "അമ്മത്തൊട്ടിൽ" എന്ന ആശയം ഉടലെടുത്തത്. എന്നാൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. ആശുപത്രി, വരാന്തകൾ, പാതയോരം തുടങ്ങി ഒഴിഞ്ഞ പലയിടങ്ങളിലും കുട്ടികൾ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ അമ്മത്തൊട്ടിലിന്റെ എണ്ണത്തിൽ വർദ്ധനവുണ്ടാവേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ മെഡിക്കൽ കോളേജുകൾ, ജനറൽ/ജില്ല/താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളോടനുബന്ധിച്ച് ആധുനിക ഹൈടെക് അമ്മത്തൊട്ടിലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ശിശുക്ഷേമ സമിതിയുടെ അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുഞ്ഞുങ്ങളെ എവിടെ പാർപ്പിക്കണമെന്ന് തീരുമാനിക്കുന്നത് അതതു ജില്ലകളിലെ ശിശുക്ഷേമസമിതികളാണ്. അമ്മത്തൊട്ടിലിന് തൊട്ടടുത്തുള്ള ശിശു സംരക്ഷണ കേന്ദ്രങ്ങളിലേക്കാണ് ശിശുക്ഷേമ സമിതി സാധാരണയായി കുഞ്ഞിനെ നൽകാറുള്ളത്. തിരുവനന്തപുരത്ത് അമ്മത്തൊട്ടിലിനോടു ചേർന്ന് സംരക്ഷണ കേന്ദ്രമുള്ളതു കൊണ്ട് ഇവിടെ ലഭിക്കുന്ന കുഞ്ഞുങ്ങളെ ശിശുക്ഷേമ സമിതിക്കു തന്നെ പരിപാലിക്കാൻ സാധിക്കുന്നു. നിലവിൽ സമിതിയുടെ കീഴിൽ ശിശുപരിചരണ കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിലെ

അമ്മത്തൊട്ടിലുകളിൽ നിന്നും ലഭിക്കുന്ന കുഞ്ഞുങ്ങളെ ശിശുക്ഷേമസമിതിയുടെ ഉത്തരവ് പ്രകാരം മറ്റ് സ്ഥാപനങ്ങളിലേക്കാണ് സംരക്ഷണത്തിനായി നൽകുന്നത്. ആയതിനാൽ അമ്മത്തൊട്ടിലിൽ നിന്ന് ലഭിക്കുന്ന കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് തൊട്ടടുത്തുള്ള ശിശുക്ഷേമ സമിതി സ്ഥാപനങ്ങളെ തന്നെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. ജീവിത സാഹചര്യങ്ങളാണ് കുട്ടികളിലെ കുറ്റവാസനയെ ഉണർത്തുന്നത്. മാതാപിതാക്കളിൽ നിന്ന് യഥാർത്ഥ സ്നേഹവും സംരക്ഷണവും കിട്ടാത്തവരും ശിഥിലദാമ്പത്യങ്ങളുടെ ബാക്കിപത്രവുമായ ഹതഭാഗ്യരായ കുട്ടികളാണ് ഇത്തരം സാഹചര്യങ്ങളിൽ എത്തിപ്പെടുന്നത്. അവിഹിത ബന്ധത്തിൽ ഏർപ്പെടുന്ന രക്ഷിതാക്കളുടെയും പലവിധ കാരണങ്ങളാൽ കുട്ടികളെ ശരിയായ രീതിയിൽ പരിപാലിക്കാൻ സാധിക്കാത്ത മാതാപിതാക്കളുടെയും കുട്ടികളാണ് കൂടുതലും ഇത്തരം സാഹചര്യത്തിൽപ്പെട്ടുപോകുന്നത്. ഇങ്ങനെയുള്ള കുട്ടികൾക്കിടയിലെ പ്രശ്നങ്ങൾ/ വെല്ലുവിളികൾ മനസ്സിലാക്കി അവരെ നേർവഴിയിലേക്ക് നയിക്കുന്നതിന് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നതിനായി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് പാരന്റിംഗ് ക്ലിനിക്കുകൾ. ബ്ലോക്ക് തലത്തിൽ ആണ് നിലവിൽ 'പാരന്റിംഗ് ക്ലിനിക്കുകൾ' പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ഉത്തരവാദിത്ത രക്ഷകർതൃത്വം പ്രചരിപ്പിക്കുന്നതിനായും മാതാപിതാക്കളുടെ സംശയ ദൂരീകരണത്തിനായും വെബിനാറുകൾ സംഘടിപ്പിക്കുന്നു. പാരന്റിംഗ് ക്ലിനിക്കുകളുടെ സേവനം സംബന്ധിച്ച പ്രചാരണം അങ്കണവാടി/ആശപ്രവർത്തകരിലൂടെയും മറ്റ് പ്രചാരണ മാധ്യമങ്ങളിലൂടെയും നൽകി വരുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും ആയതിന്റെ പ്രചാരണം പൊതുജനങ്ങളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. വനിത-ശിശു വികസന വകുപ്പിന്റെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കീഴിലുള്ള വനിതാ ഹെൽപ്പ്ലൈനാണ് മിത്ര-181. പ്രതിസന്ധികളിൽ അകപ്പെടുന്ന സ്ത്രീകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. എന്തെങ്കിലും പ്രതിസന്ധി നേരിടുന്ന സ്ത്രീകൾക്ക് കേരളത്തിൽ എവിടെ നിന്നും 181 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടുന്നതിന് തിരുവനന്തപുരത്തെ ടെക്നോപാർക്കിലെ സ്ഥാപനത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 24 മണിക്കൂറും ഇടതടവില്ലാതെ സേവനം നൽകുന്നുവെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ മിത്ര-181-ന്റെ പ്രചാരണം നല്ല രീതിയിൽ നടക്കുന്നില്ലയെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മിത്ര-181-ന്റെ പ്രചാരണം കാര്യക്ഷമമായി നടത്തി എല്ലാവരിലേക്കും പദ്ധതി സംബന്ധിച്ച പ്രചാരണം എത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. വനിത-വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ വായ്പാ പദ്ധതി. സ്വയം തൊഴിൽ വായ്പാ പദ്ധതി മുഖാന്തരം സ്ത്രീകളെ സ്വയം സംരംഭകരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ തുക വാങ്ങി ചെലവഴിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അവാർഡും നാഷണൽ എസ്.സി. ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്ന് ആറാമത്തെ വർഷവും ഈ പദ്ധതിയ്ക്ക് അവാർഡ് ലഭിച്ചുവെന്നത് വനിതാ വികസന കോർപ്പറേഷന് അഭിമാനിക്കാവുന്ന നേട്ടമാണ്. സ്വയം തൊഴിൽ പദ്ധതി മുഖേന കൂടുതൽ സ്ത്രീകളെ സംരംഭകരാക്കാൻ സാധിക്കുമെന്നതിനാൽ ഈ ആവശ്യത്തിനായി കൂടുതൽ ഫണ്ട് അനുവദിച്ച് ആയത് ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.

57. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പാക്കിയ പദ്ധതിയാണ് ജെൻഡർ പാർക്ക്. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽനൈപുണ്യ വികസനം, അവരുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യം, വനിതാ സംരംഭകരെ സൃഷ്ടിക്കൽ, ഐ.ടി. മേഖലയിൽ സ്ത്രീകൾക്കുള്ള സഹായം തുടങ്ങി അതിവിപുലമായൊരു പദ്ധതിയായാണ് ജെൻഡർപാർക്ക് വിഭാവനം ചെയ്തിരുന്നത്. പ്രധാനമായും വളർന്നുവരുന്ന സംരംഭകർക്കുള്ള സൗകര്യങ്ങൾ, പുതിയ ഇൻക്യുബേഷൻ സെന്ററുകൾ, സ്ത്രീകൾക്ക് അവരുടെ അറിവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പഠനം നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് International Women's Research and Trade Centre എന്നൊരു പദ്ധതിക്ക് രൂപം കൊടുത്തത്. എന്നാൽ, മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒരു തീയറ്റർ കോംപ്ലക്സിന്റെയും ഒരു മ്യൂസിയത്തിന്റെയും നവീകരണ പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തിയാക്കി യിട്ടുള്ളതെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 25 കോടി രൂപ അനുവദിക്കുകയും 3 ടവറുകളിലായി പ്രസ്തുത പ്രവൃത്തികൾ നടത്താൻ തീരുമാനമെടുക്കുകയും അതിലൊരു ടവറിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും കോവിഡ് ആവിർഭവിച്ച സാഹചര്യത്തിൽ ആയത് മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഐക്യരാഷ്ട്രസഭയുടെ വിമൻവിംഗുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്ര സഭയുടെ സതേൺ സോണൽ ഓഫീസ് ഈ സ്ഥാപനത്തിൽ ആരംഭിക്കുന്നതിന് അന്നത്തെ സതേൺ സോൺ സെക്രട്ടറിയും വനിതാശിശുവികസന വകുപ്പും ചേർന്ന് തീരുമാനമെടുക്കുകയും എം.ഒ.യു. ഒപ്പിടുകയും ചെയ്തിരുന്നു. ശ്രീലങ്ക, ഇന്ത്യ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളുടെ ഐക്യരാഷ്ട്ര സഭ വിമൻ ഓഫീസാണ് ജെൻഡർ പാർക്കിൽ പ്രവർത്തിക്കാൻ ധാരണയായതെന്ന് സമിതി മനസ്സിലാക്കുന്നു. അന്ന് വിഭാവനം ചെയ്ത മാതൃകയിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും പുനരാരംഭിക്കാൻ സാധിക്കണമെന്നും ജെൻഡർ പാർക്ക് ആരംഭിക്കാൻ സാധിച്ചാൽ അത് കേരളത്തിന് തന്നെ അഭിമാനകരമായ നേട്ടമാകുന്ന പദ്ധതിയാണെന്നും സമിതി വിലയിരുത്തുന്നു.

58. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കിയതും ധനകാര്യവകുപ്പ് അംഗീകാരം നൽകിയതുമായ ജെൻഡർ പാർക്ക് ആരംഭിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ജെൻഡർ പാർക്ക് പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായ തോതിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമസഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡനനിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 90 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ അത് 80 ആയി ലോപിച്ചിട്ടുണ്ട്. നിരാലംബരായ സ്ത്രീകൾക്ക് ആശ്വാസമേകുന്നതിനായി ആരംഭിച്ച സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും ഉണ്ടായാൽ സൗകര്യപ്രദമായിരിക്കും. ആയതിനാൽ എല്ലാ ബ്ലോക്കുകളിലും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഏറ്റവും കൂടുതൽ സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. സമൂഹനന്മയുളവാകുന്ന രീതിയിൽ ഓരോ പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്. നിരവധി പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്. എന്നാൽ പല പദ്ധതികളും നടപ്പിലാക്കി പകുതിയാകുമ്പോൾ കേന്ദ്രസഹായം നിർത്തലാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത് വലിയ പ്രതിസന്ധിയ്ക്ക് വഴിതെളിക്കും. അർഹതപ്പെട്ട റവന്യൂ വരുമാനം തന്നെ ആവശ്യത്തിന് ലഭിയ്ക്കാത്ത ഒരു സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന്റെ തനത് ഫണ്ട് ചെലവഴിച്ച് ഇത്തരം സാമൂഹ്യക്ഷേമപദ്ധതികൾ നടപ്പാക്കാൻ സാധിക്കില്ല. നിലവിൽ കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്ന പദ്ധതിയുടെ ധനസഹായം നിർത്തലാക്കിയാൽ സംസ്ഥാനം വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടിവരുമെന്നത് സമിതിയെ ആശങ്കപ്പെടുത്തുന്നു.

62. ഇന്നത്തെ ജീവിതരീതിയും അനുബന്ധസാഹചര്യങ്ങളും മാതാപിതാക്കളുടെ ഉദ്യോഗസംബന്ധമായ സമ്മർദ്ദവും പിരിമുറുക്കവും എല്ലാം തന്നെ കുട്ടികളുടെ ഭാവിയെയും വളർച്ചയെയും ഗുരുതരമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഇണകളെ തെരഞ്ഞെടുക്കുന്നതു മുതൽ ഗർഭകാലത്തും ശിശുക്കളുടെ ജനന കാലത്തും ജനനശേഷവുമൊക്കെ നിതാന്ത ജാഗ്രത പുലർത്തിയില്ലെങ്കിൽ കുറ്റവാളികളെ പ്രസവിക്കുന്ന സമൂഹമായി നാം മാറുന്നതിന്

സാധ്യതയുണ്ട്. ഓരോ കുടുംബത്തിനും അമൂല്യനിധികളായ കുട്ടികൾ സമൂഹത്തിന്റെയും രാജ്യത്തിന്റെ തന്നെയും സ്വത്താണ്. അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്തിയ വിവേചനരഹിതവും സന്തോഷകരവുമായ ബാല്യം ഓരോ കുട്ടിയുടെയും അവകാശമാണ്. കുട്ടികൾ നന്നായി പരിചരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തെങ്കിൽ മാത്രമേ മാനസികാരോഗ്യമുള്ള ഒരു സമൂഹത്തിന് അടിത്തറ പാകാൻ സാധിക്കുകയുള്ളൂ. മുൻകാലങ്ങളിലെ പാഠ്യപദ്ധതിയിലും ജീവിത സംസ്കാരത്തിലും വലിയ ജീവിതങ്ങളെയും അവർ തരണം ചെയ്ത വലിയ വെല്ലുവിളികളെയും ഉന്നതമായ മൂല്യങ്ങളെയും കുറിച്ചുള്ള പാഠങ്ങൾ ഉണ്ടായിരുന്നു. കുട്ടികളുടെ മനസ്സിനെയും ബുദ്ധിയേയും നാം അത്തരം പ്രകാശഗോപുരങ്ങളിലേക്ക് തിരിച്ചുവച്ചിരുന്നു. അത് അവർക്ക് നൽകിയിരുന്ന ധൈര്യം ചെറുതായിരുന്നില്ല. പ്രതിസന്ധികളെ സുധീരം മറികടന്ന് ജീവിതത്തിലേക്ക് മുന്നേറി നടക്കാൻ നാം കുട്ടികളെ പഠിപ്പിക്കുകയും ജിവിതവിജയം കൈവരിയ്ക്കാൻ പ്രേരിപ്പിക്കുകയും വേണം.

63. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്താനുള്ള അധികാരം നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. നിയമപരമായി ലഭിക്കേണ്ട അവകാശങ്ങളെയും ആനുകൂല്യങ്ങളെയും പറ്റി ഓരോ സ്ത്രീയും അറിഞ്ഞിരിക്കേണ്ടതുണ്ട്. നിയമങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും അവബോധമുണ്ടായാൽ മാത്രമേ ചൂഷണത്തിൽ നിന്നു മോചിതരാകാൻ സ്ത്രീകൾക്ക് സാധിക്കുകയുള്ളൂ. പുരുഷനോടൊപ്പം സ്ത്രീയ്ക്കും പ്രാധാന്യം വേണമെന്നത് പരിഗണനയല്ല അവകാശമാണെന്ന് തിരിച്ചറിഞ്ഞ് സധൈര്യം സമസ്ത മേഖലകളിലേക്കും കടന്നു വരുന്നത് മാത്രമല്ല ശാക്തീകരണം കൊണ്ടർത്ഥമാക്കുന്നത്. ജോലികളിൽ സ്ത്രീ-പുരുഷ ലിംഗഭേദം ക്രമേണ ഇല്ലാതായി വരുന്നുണ്ട്. സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലെല്ലാം തുല്യ അവസരം ലഭ്യമാകുമ്പോൾ മാത്രമേ ലിംഗസമത്വം യാഥാർത്ഥ്യമാകുകയുള്ളൂ.

കെ. കെ. ശൈലജ ടീച്ചർ,

*അദ്ധ്യക്ഷ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2023 സെപ്റ്റംബർ 13.